# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മെയ് 28**

---

എം.ജി. സർവകലാശാല ഓണേഴ്സ് ബിരുദം

## മന്ത്രി ഡോ. ആർ ബിന്ദു നാളെ കോളജ് പ്രിൻസിപ്പൽമാരുമായി സംവദിക്കും

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾ(എംജിയു-യുജിപി) ജൂലൈ ഒന്നിന് ആരംഭിക്കുന്നതിനു മുന്നോടിയായി ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു നാളെ(മെയ് 30) അഫിലിയേറ്റഡ് കോളജുകളിലെ പ്രിൻസിപ്പൽമാരുമായി സംവദിക്കും. സർവകലാശാലയുടെ ആഭിമുഖ്യത്തിൽ കോട്ടയം ബി.സി.എം കോളജ് ഓഡിറ്റോറിയത്തിൽ രാവിലെ പത്തിനു നടക്കുന്ന പരിപാടിയിൽ കോളജുകളിലെ എംജിയു-യുജിപി നോഡൽ ഓഫീസർമാരും പങ്കെടുക്കും.

ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾക്കായി കോളജുകളിൽ നടത്തിയിട്ടുള്ള തയ്യാറെടുപ്പുകൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്ക് നിർദേശം നൽകുകയും ചെയ്യും. വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ഡോ. ബീന മാത്യു അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ബിരുദ ഓണേഴ്സ് പ്രോഗ്രാമുകളുടെ നിർവഹണ കമ്മിറ്റിയുടെ കൺവീനറായ സിൻഡിക്കേറ്റ് അംഗം ഡോ. ബിജു പുഷ്പൻ സർവകലാശാലയിലെ പ്രവർത്തനങ്ങൾ വിശദീകരിക്കും.

സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, ഡോ. എസ്. ഷാജില ബീവി, രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ബി.സി.എം. കോളജ് പ്രിൻസിപ്പൽ ഡോ. സ്റ്റെഫി തോമസ് എന്നിവർ സംസാരിക്കും.

കേരള ഉന്നത വിദ്യാഭ്യാസ പരിഷ്കരണ നിർവഹണ സെല്ലിലെ റിസർച്ച് ഓഫീസർമാരായ ഡോ. കെ. സുധീന്ദ്രൻ, ഡോ.വി. ഷഫീഖ് എന്നിവർ ക്ലാസെടുക്കും.

(പി.ആർ.ഒ/39/407/2024)

## ഫിസിക്കൽ എജ്യുക്കേഷൻ ബിരുദ കോഴ്സുകൾക്ക് അപേക്ഷിക്കാം

മൂലമറ്റം സെന്റ് ജോസഫ് അക്കാദമി ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സിൽ നടത്തുന്ന ഫിസിക്കൽ എജ്യുക്കേഷൻ ബിരുദ കോഴ്സുകൾക്ക് എം.ജി. സർവകലാശാല അപേക്ഷ ക്ഷണിച്ചു. ബാച്ച്ലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ്(ബി.പി.ഇ.എസ്), ബാച്ചലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ (ബി.പി.എഡ്) എന്നിവയാണ് കോഴ്സുകൾ.

എം.ജി. സർവകലാശാല അംഗീകരിച്ച പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയവർക്ക് ബി.പി.ഇ.എസിന് അപേക്ഷിക്കാം. എം.ജി. സർവകലാശാല അംഗീകരിച്ച ഏതെങ്കിലും ബിരുദ കോഴ്സ് വിജയിച്ചവരെയാണ് ബി.പി.എഡ് കോഴ്സിലേക്ക് പരിഗണിക്കുന്നത്.

രണ്ടു കോഴ്സുകൾക്കും പ്രായപരിധിയില്ല. എഴുത്തു പരീക്ഷയുടെയും കായികക്ഷമതാ പരിശോധനയുടെയും അടിസ്ഥാനത്തിലും കായിക മേഖലയിലെ നേട്ടങ്ങൾ വിലയിരുത്തിയുമാണ് പ്രവേശനം നൽകുക.

അപേക്ഷാ ഫോറവും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയും സർവകലാശാലാ വെബ്സൈറ്റിൽനിന്ന്(ംംം.ാഴൗ.മര.ശി) ഡൗൺലോഡ് ചെയ്യാം. അപേക്ഷയും യോഗ്യതാ രേഖകളുടെ പകർപ്പുകളും ജൂൺ എട്ടു വരെ മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് ഡയറക്ടർക്ക് സമർപ്പിക്കാം. ഫോൺ –944700694

(പി.ആർ.ഒ/39/408/2024)

## ഇൻറേൺ റീഡു

ഒന്നു മുതൽ പത്തു വരെ സെമസ്റ്ററുകൾ പഞ്ചവത്സര ബി.എ/ബി.കോം/ബിബിഎ എൽഎൽബി(2011 മുതൽ 2017 വരെ അഡ്മിഷനുകൾ) പ്രോഗ്രാമുകളുടെ ഇൻറേണൽ റീഡു പരീക്ഷകൾക്ക് ഒരു പേപ്പറിന് 3000 രൂപ നിരക്കിൽ ഫീസ് അടച്ച് ജൂൺ 21 വരെ അപേക്ഷ നൽകാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/409/2024)

## പ്രോജക്ട് ഇവാല്യുവേഷൻ, വൈവ പരീക്ഷകൾ

നാലാം സെമസ്റ്റർ എംബിഎ(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് - മെയ് 2024) പരീക്ഷയുടെ കോഴ്സ് വൈവ, പ്രോജക്ട് ഇവാലുവേഷൻ പരീക്ഷകൾ ജൂൺ അഞ്ചു മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/410/2024)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020-2022 അഡ്മിഷനുകൾ സപ്ലിമെൻററി - ന്യു സ്കീം, മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ ഒന്നു മുതൽ പാലാ സെൻറ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻറ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/411/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**